# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2621 — 06.02.2018 -ന് മറുപടിയ്ക്ക്

## ഒ. ഇ. സി. ഗ്രാന്റ് വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ :** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഒ. ഇ. സി. യിൽ ഉൾപ്പെടുന്ന ജാതി വിഭാഗങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്തെ ഒ.ഇ.സി -യിൽ ഉൾപ്പെടുന്ന ജാതി ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) സ്കൂളുകളിൽ പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഈ അദ്ധ്യയനവർഷം ഗ്രാന്റ് നൽകിയിട്ടുണ്ടോ ; വിശദീകരിക്കുമോ ; | (ബി) ഒ.ഇ.സി (എസ്.സി) വിഭാഗം വിദ്യാർത്ഥികൾക്കുള്ള 2017-18 -ലെ ലംപ്സം ഗ്രാന്റ്, അൺ എയ്ഡഡ് സ്ഥാപനങ്ങളുടേ തൊഴികെ വിതരണം ചെയ്തിട്ടുണ്ട്. ഒ.ഇ.സി (എസ്.റ്റി) വിഭാഗത്തിൽപ്പെട്ട 145 കുട്ടികൾക്ക് ആകെ 3,29,715/- രൂപ ഈ അദ്ധ്യയന വർഷം ഗ്രാന്റായി നൽകിയിട്ടുണ്ട്. |
| (സി) സ്കൂൾ വർഷം അവസാനിയ്ക്കാറായിട്ടും ഒ. ഇ. സി. ഗ്രാന്റ് വിതരണം ചെയ്യാത്തതിന് പ്രത്യേക കാരണങ്ങളുണ്ടോ ; വിശദീകരിക്കുമോ ; | (സി) പ്രീമെട്രിക് തലത്തിൽ ഒ.ഇ.സി വിഭാഗങ്ങൾക്ക് കാലതാമസം കൂടാതെ തന്നെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ട്. ഓൺലൈനായി വിവരം നൽകിയ അൺഎയ്ഡഡ് ഒഴികെയുള്ള എല്ലാ സ്കൂളുകൾക്കും 2017 ഓഗസ്റ്റിൽ തന്നെ തുക നൽകിയിട്ടുണ്ട്. സ്ഥാപന മേധാവികൾ യഥാസമയം ഓൺലൈൻ വഴി വിവരം നൽകാത്തവരുടെ കാര്യത്തിലാണ് കാലതാമസം നേരിടുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ വഴി പുനഃസമർപ്പണം നടത്തുന്നതിന് വീണ്ടും സമയം അനുവദിച്ച് നൽകിയിട്ടുണ്ട്. തുക ഉടൻ അനുവദിച്ചു നൽകുന്നതാണ്. |

(....2)

(ഡി) ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ?

(ഡി) ഒ.ഇ.സി. പ്രീമെട്രിക് ആനുകൂല്യത്തിന് അർഹരായ എല്ലാ പേർക്കും ആനുകൂല്യം അനുവദിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. മാന്വലായി നൽകി വന്നിരുന്ന ഗ്രാന്റ് ഓൺലൈനായി അനുവദിച്ചു തുടങ്ങിയപ്പോൾ ഉണ്ടായ സാങ്കേതിക പ്രശ്നങ്ങൾ മൂലമാണ് ചില സ്കൂളുകൾക്ക് തുക ലഭ്യമാവാതെ പോയത്. ആയതു പരിഹരിച്ച് പൂർണ്ണമായും തുക വിതരണം ചെയ്യുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## List of Other Eligible Communities

### OEC (ST)

1 Allar (Alan)
2 Chingathan
3 Irivandavan
4 Kalanadi
5 Malayan, Konga-Malayan (Kasaragod, Kannur, Wayanad & Kozhikode Districts)
6 Kundu – Vadiyan
7 Kunuvarmanadi
8 Malamuttan
9 Malavettuvan (Except Kasaragod & Kannur Districts)
10 Malayalar
11 Panimalayan
12 Pathiyan (other than Dhobies)
13 Hindu Malayali

### OEC (SC)

1 Chakkamar
2 Madiga
3 Chemman / Chemmar
4 Kudumbi
5 Dheevara / Dheevaran
(Arayan, Valan, Nulayan, Mukkuvan, Arayavathi, Valanchiyar, Paniyakal, Mokaya, Bovi, Magayar, Mogaveerar)
6 Scheduled Caste converted to Christianity
7 Kusavan, Kulalan, Kumbharan, Velaan, Odan, Andhra Nair, Andhuru Nair
8 Pulayan Vettuvan (Except Kochi State)

---

Section Officer